പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 148 06.03.2020-ലെ മറുപടിക്ക്

## അവിനാശി അപകടവും വാഹനങ്ങളുടെ അമിതവേഗത നിയന്ത്രണവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.വി. ജോയി<br>" എം. മുകേഷ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിന്നുള്ള വിദഗ്ദ്ധ സംഘം അന്വേഷിച്ചതിൽനിന്നും അവിനാശി അപകടത്തിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ഇടംതോട്ടുള്ള വളവിൽ വലതു ട്രാക്കിലൂടെ പരമാവധി ഭാരത്തോടെയും ശരാശരി 63.5 കിലോമീറ്റർ വേഗതയിലും ഓടിച്ചുവന്ന കണ്ടെയ്നർ ലോറിയുടെ ഡ്രൈവർ പെട്ടെന്ന് മയങ്ങിപ്പോയതു മൂലമാണ് അപകടമുണ്ടായതെന്ന് കരുതുന്നു. |
| (ബി) | ചരക്കു കടത്തു (ലോജിസ്റ്റിക്സ്) രംഗത്തെ അമിത ലാഭേച്ഛ ഡ്രൈവർമാരെ സമ്മർദ്ദത്തിലാക്കുന്നതും ഉറക്കമൊഴിഞ്ഞ് രാത്രി മുഴുവൻ ഒറ്റക്ക് വാഹനമോടിക്കാൻ നിർബന്ധിതമാക്കുന്നതും തൊഴിൽ വൈദഗ്ദ്ധ്യം കുറഞ്ഞവർ വലിയ ഭാരവാഹനങ്ങളുടെ ഡ്രൈവർമാരാകാനിടയാകുന്നതും ഗൗരവത്തിലെടുത്ത് ഇതിന് അറുതി വരുത്തുവാൻ വേണ്ട ഇടപെടൽ നടത്തുമോ; | (ബി) | ചരക്കുകടത്തു രംഗത്തെ മത്സരവും ലാഭേച്ഛയും ലോഡുകൾ പെട്ടെന്ന് ലക്ഷ്യത്തിലെത്തിക്കാൻ ഡ്രൈവർമാർക്ക് പ്രേരണ നൽകുന്നു. എന്നാൽ വാഹനത്തിൽ 2 ഡ്രൈവർമാർ ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. നാഷണൽ പെർമിറ്റ് വാഹനങ്ങളിൽ 2 ഡ്രൈവർമാരും സ്ലീപിംഗ് ബർത്തും വേണമെന്ന നിബന്ധന 2018-ലെ അമന്റ്മെന്റ് പ്രകാരം കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഇത് പുനഃസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഹെവി വാഹനങ്ങളിൽ ഡ്രൈവർക്ക് സഹായി ആവശ്യമാണെന്ന കേരള മോട്ടോർ വാഹന ചട്ടം, 368 കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലെ എൻഫോഴ്സ്മെന്റ് പ്രവൃത്തികൾ ശക്തമാക്കിക്കൊണ്ട് തുടരുന്നതിനും മോട്ടോർ വാഹന - പോലീസ് വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംയുക്ത പരിശോധനായജ്ഞം 01.03.2020 മുതൽ മൂന്ന് മാസത്തേക്ക് നടത്തുന്നതിനും അവിനാശി അപകടത്തിന്റെ പശ്ചാത്തലത്തിൽ ചേർന്ന കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അടിയന്തര |

| | | | |
|---|---|---|---|
| | | | യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. പരിശോധനകൾക്ക് സംസ്ഥാന പോലീസ് മേധാവിയും ഗതാഗത കമ്മീഷണറും മുഖാന്തിരം റോഡ് സുരക്ഷാ കമ്മീഷണർ മേൽനോട്ടം വഹിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രക്ക് ഡ്രൈവർമാർക്ക് നിരന്തരം വാഹനമോടിക്കുന്നതു മൂലമുള്ള ക്ഷീണം മാറ്റുന്നതിനായി പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും, വിശ്രമിച്ച് ക്ഷീണമകറ്റി യാത്ര തുടരുന്നതിനും Wayside Amenity Bay-കൾ ദേശീയപാതയിലും സംസ്ഥാനപാതയിലും ഏർപ്പെടുത്തുന്ന നടപടി ത്വരിതപ്പെടുത്തുവാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിൽ ലേബർ കമ്മീഷണർ, ഗതാഗത കമ്മീഷണർ, റോഡ് സുരക്ഷാ കമ്മീഷണർ എന്നിവരെ ഉൾപ്പെടുത്തി ട്രക്ക് ഡ്രൈവർമാരുടെ പ്രവൃത്തി സമയം ഉൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് മാർഗരേഖ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ് C-DAC-മായി സഹകരിച്ച് Smart Card -GPS മുഖാന്തിരം ഡ്രൈവിംഗ് സമയത്ത് ട്രക്ക് ഡ്രൈവർമാരുടെ സ്വാഭാവ പെരുമാറ്റങ്ങൾ മോണിറ്റർ ചെയ്യുന്നതിന് നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. |
| (സി) | വാഹന സാന്ദ്രത കൂടിയ സംസ്ഥാനത്തെ ദേശീയ പാതകളിലും പൊതു നിരത്തുകളിലും വലിയ വാഹനങ്ങളും ആഡംബര വാഹനങ്ങളും ഭീതിയുണ്ടാക്കുന്ന തരത്തിൽ പായുന്നത് നിയന്ത്രിക്കാൻ കർശന നടപടിക്ക് നിർദ്ദേശം നൽകുമോ? | (സി) | വലിയ വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇന്റർസെപ്റ്റർ ഉപയോഗിച്ചുള്ള വാഹന പരിശോധന തുടരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പ്രധാന പാതകളിൽ പോലീസ്, മോട്ടോർ വാഹന സംയുക്ത സ്ക്വാഡുകൾ 24 മണിക്കൂറും ഒരു നോഡൽ ഓഫീസറുടെ കീഴിൽ പെട്രോളിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നതിന് റോഡ് സുരക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**